# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 188 — 08.12.2015 ൽ മറുപടിക്ക്

## ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പാലോട് രവി**<br>**ശ്രീ. ടി.എൻ. പ്രതാപൻ**<br>**ശ്രീ. ലൂഡി ലൂയിസ്**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ ജനങ്ങൾക്ക് ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;<br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;<br>(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (എ), (ബി) & (സി) ഇ-ഡിസ്ട്രിക്റ്റ് മുഖാന്തിരം ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ നൽകി വരുന്നുണ്ട്. ഓഫീസുകളിൽ പോകാതെ സർക്കാർ സർവ്വീസുകൾ ഏറ്റവും വേഗത്തിൽ പൊതു ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഈ സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് ലഭ്യമാക്കുന്നത്. കൂടാതെ ഇ-ഡിസ്ട്രിക്റ്റ് - പബ്ലിക്ക് പോർട്ടൽ വഴിയും ഈ സേവനങ്ങൾ പൊതു ജനങ്ങൾക്ക് ലഭ്യമാണ്. സംസ്ഥാനത്ത് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വ്യാപിപ്പിക്കുന്നതിനായി സ്റ്റേറ്റ് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. 2000-ൽ അധികം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സംസ്ഥാനത്തുടനീളം വിതരണം ചെയ്തു. എല്ലാ വില്ലേജ് ഓഫീസുകൾക്കും ഇന്റർനെറ്റ് കണക്ടിവിറ്റിയും, താലൂക്ക് ഓഫീസുകൾക്ക് KSWAN കണക്ടിവിറ്റിയും ലഭ്യമാക്കി. ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർക്ക് ഡിജിറ്റൽ സിഗ്നേച്ചർ നൽകി. ഇതിലേക്കായി 11 സർവറുകൾ പ്രവർത്തന സജ്ജമാക്കി. സർവറുകളുടെ മുടക്കമില്ലാത്ത പ്രവർത്തനത്തിനായി ഡാറ്റാബേസ്, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ എന്നിവരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല സഹായ സേവനങ്ങൾക്കായി സപ്പോർട്ട് എൻജിനീയർമാരെ നിയമിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും, അക്ഷയ സംരംഭകർക്കും നിരന്തരം പരിശീലനം നൽകി വരുന്നു. ഇ-ഡിസ്ട്രിക്റ്റ് മാർഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പ്രവർത്തനം വിലയിരുത്താൻ ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ ജില്ലയിലും പ്രോജക്റ്റ് മാനേജർമാരെ നിയമിക്കുന്നതിന് വ്യവസ്ഥയുണ്ട്. |

Safeena

സെക്ഷൻ ഓഫീസർ